I/71766/2022

**സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**

(ഹാജർ: ശ്രീമതി.എം.അഞ്ജന IAS)

ഉത്തരവ് നം. **SJD/3814/2022-E2**

തിരുവനന്തപുരം,
തീയതി. 15-12-2022

---

വിഷയം: സാമൂഹികനീതി വകുപ്പ് - ജീവനക്കാര്യം വകുപ്പിലെ ക്ലാർക്ക് തസ്തികളിൽ ഉണ്ടാകുന്ന ഒഴിവുകളിലെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(റൂൾസ്) വകുപ്പിന്റെ 28.05.2015 തീയതിയിലെ സ.ഉ(പി)നം.16/2015/ഉ.ഭ.പ.വ നമ്പർ ഉത്തരവ് .

2.സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ 09.01.2021 തീയതിയിലെ SJD/2248/ 2020-E9 നമ്പർ ഉത്തരവ്.

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക് /എൽ.ഡി ടൈപ്പിസ്റ്റ് തസ്തികളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിക്കാവുന്നതാണ്. സർക്കാർ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികമാറ്റ നിയമനത്തിനായി 10% തസ്തികകൾ കണ്ടെത്തേണ്ടത് ജില്ലാതലത്തിലാണ്. എന്നാൽ ഇപ്രകാരം ജില്ലാതലത്തിൽ 10% തസ്തികൾ മാറ്റിവയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാനതലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കുവാനും ഓരോ വകുപ്പിലെയും എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരുവാനും അനുമതി നൽകി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനം ട്രാൻസ്ഫർ നിയമനത്തിനായി കണക്കാക്കുമ്പോൾ ടി വകുപ്പിൽ ഇതിനോടകം ജില്ലാതലത്തിൽ ആർക്കെങ്കിലും ട്രാൻസ്ഫർ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ അവരെയും കൂടി കണക്കിലെടുക്കേണ്ടതാണെന്നു സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സാമൂഹികനീതി വകുപ്പിൽ വകുപ്പ് വിഭജനം വരുന്നതുവരെ ലാസ്റ്റ് ഗ്രേഡിൽ നിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനം അടിസ്ഥാനമാക്കി ജില്ലാതല സീനിയോറിറ്റി പ്രകാരമാണ് നൽകിവന്നിരുന്നത്. വകുപ്പ് വിഭജനത്തിനു ശേഷം സാമൂഹ്യനീതിവകുപ്പിൽ ക്ലർക്ക് തസ്തികൾ 22 എണ്ണവും, ടൈപ്പിസ്റ്റ് തസ്തികൾ 20 എണ്ണവും ആണ് അനുവദിക്കപ്പെട്ടത് . സാമൂഹികനീതി ഡയറക്ടറുടെ 21.07.20 ലെ SJD/2222/20/E2 നമ്പർ ഉത്തരവ് പ്രകാരം ആകെ ടൈപ്പിസ്റ്റ് തസ്തികളെ 1:1:1:1 എന്ന അനുപാതത്തിൽ നിശ്ചയിച്ചതിൻ പ്രകാരം എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകൾ 5 എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം വകുപ്പിലെ 22 ക്ലർക്ക് 5 എൽ.ഡി ടൈപ്പിസ്റ്റ് ഉൾപ്പെടെ ആകെ 27 തസ്തികയുടെ 10 ശതമാനം തസ്തികമാറ്റത്തിന് നീക്കിവയ്ക്കേണ്ടി വരുമ്പോൾ, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിനായി 3 തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്.

സാമൂഹികനീതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.സി.അജിത 30.09.2022 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ എൻടി കേഡറിലുണ്ടായ ഒഴിവിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഒരു ജീവനക്കാരന് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനു അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടെ സംയുക്ത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പേര് പരാമർശിക്കുന്ന ജീവനക്കാരിക്ക് ക്ലാർക്ക് തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റത്തിന് അർഹതയുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരിയുടെ പേര് , തസ്തിക | സീനിയോരിറ്റി ലിസ്റ്റ് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|---|
| 1 | ശ്രീമതി.കെ.ജി.റെജിമോൾ ഓഫീസ് അറ്റൻഡന്റ് | സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ 09-01-2021 തീയതിയിലെ SJD/2248/2020-E9 നമ്പർ ഉത്തരവ് | 7 |

ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടെ സംയുക്ത സീനിയോരിറ്റി ലിസ്റ്റിലെ അഞ്ചാം പേരുകാരനായ ശ്രീ.റ്റി.ജി സാമുവൽ തരകൻ സേവനത്തിൽ നിന്നും വിരമിച്ചതിനാലും ,ആറാം പേരുകാരി ശ്രീമതി.ഇ.സി.സുഷമ വകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാലും ടിയാളുകളെ ക്ലാർക്ക് തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റത്തിൽ നിന്നും ഒഴിവാക്കുന്നു.

ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ജീവനക്കാരിക്ക് ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ 26500-60700/- രൂപ ശമ്പള സ്കെയിലിൽ KS&SSR ചട്ടം 28(a)(i)ന് വിധേയമായി ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം(By Transfer) അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നമ്പർ | ജീവനക്കാരിയുടെ പേര് , തസ്തിക,നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | തസ്തികമാറ്റം നൽകി ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.കെ.ജി.റെജിമോൾ ഓഫീസ് അറ്റൻഡന്റ് ജില്ലാ സാമൂഹികനീതി വകുപ്പ്ഓഫീസ് കോട്ടയം | ജില്ലാ സാമൂഹിക നീതി ഓഫീസ് എറണാകുളം |

ബൈ ട്രാൻസഫർ നിയമനം മുഖേന ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരിക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും ശമ്പള നിർണ്ണയത്തിനും അർഹതയുണ്ടായിരിക്കും. ജീവനക്കാരി തുടർച്ചയായ മൂന്നു വർഷകാലയളവിനുള്ളിൽ രണ്ട് വർഷം പ്രോബേഷനിലായിരിക്കും . തസ്തികമാറ്റം ലഭിച്ച ജീവനക്കാരിയെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടുന്നതും വിടുതൽ /പ്രവേശനവുമായി ബന്ധപ്പെട്ട വിവരം യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**M.ANAJANA IAS**
**സാമൂഹികനീതി വകുപ്പ് ഡയറക്ടർ**

പകർപ്പ് :

1. ജില്ലാ സാമൂഹികനീതി ഓഫീസർ കോട്ടയം.
2. ജില്ലാ സാമൂഹികനീതി ഓഫീസർ എറണാകുളം.
3. എല്ലാ യൂണിറ്റ് /സെക്ഷൻ ഓഫീസർമാർക്ക്.
4. E 1 മുതൽ E 7 വരെ.
5. സ്റ്റോക്ക് ഫയൽ/സ്പെയർ .

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്